**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6330** **20-03-2023 - ൽ മറുപടിയ്ക്ക്**

**ചികിത്സാ ധനസഹായ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വികസന വകുപ്പിൽ നിന്നും നിലവിൽ ചികിത്സാ ധനസഹായം ലഭിക്കാത്തത് കാരണം നിരവധി കുടുംബങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചികിത്സാ ധനസഹായ അപേക്ഷകളിന്മേൽ അർഹത പരിശോധന നടത്തി ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് തുക അനുവദിക്കുന്നുണ്ട്. |
| (ബി) | നിലവിൽ എത്രപേർക്കാണ് പ്രസ്തുത ധനസഹായം വിതരണം ചെയ്യാനുള്ളതെന്നും എത്ര തുകയാണ് കുടിശ്ശികയുള്ളതെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ബി) | വിവരം ശേഖരിച്ച് നൽകുന്നതാണ് |
| (സി) | ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർ ശിപാർശ ചെയ്ത എത്ര അപേക്ഷകർക്ക് പ്രസ്തുത ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കാനുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (സി) | വിവരം ശേഖരിച്ച് നൽകുന്നതാണ് |
| (ഡി) | പ്രസ്തുത ധനസഹായ വിതരണം വൈകുന്നതിന് കാരണം വ്യക്തമാക്കാമോ; ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | ആരോഗ്യ സുരക്ഷാ പദ്ധതിയ്ക്കായി നടപ്പ സാമ്പത്തിക വർഷം ലഭിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. റീ അപ്രോപ്രിയേഷൻ മുഖേന അധിക തുക ലഭിക്കുന്നതിന് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. അധിക തുക ലഭ്യമായാൽ കാലതാമസം കൂടാതെ ധനസഹായം വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ